# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4251

24.06.2019-ലെ മറുപടി

## കോടതിയിൽ കെട്ടിവച്ച തുക വാട്ടർ ബില്ലിൽ നിന്നും ഒഴിവാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 06.08.2007-ലെ കോടതി വിധിപ്രകാരം കോടതിയിൽ കെട്ടിവച്ച 9750/- രൂപ റഗുലർ വാട്ടർ ബില്ലിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനായി കൊച്ചി കരുവേലിപ്പടി, CC 16/537A-യിൽ താമസിക്കുന്ന ഗ്രേസി പോളിന്റെ അപേക്ഷയിൽ കേരള വാട്ടർ അതോറിറ്റി നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ; | (എ) | കോടതിയിൽ കെട്ടിവെച്ച 9750/- രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറി ലഭിക്കാത്തതു കൊണ്ടാണ് റഗുലർ വാട്ടർ ബില്ലിൽ നിന്നും ഒഴിവാക്കി നൽകുവാൻ സാധിക്കാത്തത്. ഈ തുക ലഭിക്കുന്നതിനായി വാട്ടർ അതോറിറ്റി സ്റ്റാന്റിംഗ് കൗൺസൽ മുഖാന്തിരവും ഉപഭോക്താവ് വഴിയും കോടതിയെ സമീപിച്ചുവെങ്കിലും തുക കൈമാറി കിട്ടിയില്ല. ബഹു. കോടതിയിൽ നിന്നും ടി തുക ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഉപഭോക്താവിന്റെ റെഗുലർ ബില്ലിൽ നിന്നും ഒഴിവാക്കി നൽകുവാൻ സാധിക്കുകയുള്ളൂ. ഉപഭോക്താവിന് ഇപ്പോൾ തന്നെ മേൽ തുക ഒഴിവാക്കി തൻമാസ തുക അടയ്ക്കാനുള്ള സംവിധാനം ചെയ്തു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത തുക ടിയാളുടെ ബില്ലിൽ നിന്നും എന്നത്തേക്ക് ഒഴിവാക്കി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ബഹു. കോടതിയിൽ നിന്നും പണം ലഭിക്കുന്ന മുറക്ക് ഉപഭോക്താവിന്റെ ബില്ലിൽ നിന്നും ഈ തുക ഒഴിവാക്കി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ